# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂൺ 29, വെള്ളി
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 270)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | 4525മുതൽ 4594 വരെ |
| മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | 4595 മുതൽ 4630 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | 4631 മുതൽ 4723 വരെ |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | 4724 മുതൽ 4794 വരെ |

<u>ഉന്നതവിദ്യാഭ്യാസത്തിന് ബാങ്ക് വായ്പ നൽകുന്ന പദ്ധതിയുടെ വിശദാംശം</u>

T4525 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസത്തിന് ബാങ്ക് വായ്പ നൽകുന്ന പദ്ധതി ആരംഭിച്ചത് എപ്പോഴാണെന്ന് അറിയിക്കാമോ;

(ബി) ബാങ്ക് വായ്പയുടെ പലിശ വിദ്യാർത്ഥികൾക്ക് താങ്ങാൻ കഴിയുന്നതിലധികമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

(സി) പ്രസ്തുത വായ്പയെടുത്ത് പഠിച്ചവർക്ക് മെച്ചപ്പെട്ട ജോലി ലഭിക്കാത്തതിനാൽ വായ്പ തിരിച്ചടക്കുവാൻ സാധിക്കാത്ത വിവരം അറിയാമോ;

(ഡി) എങ്കിൽ പ്രസ്തുത ആളുകളെ സഹായിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**<u>ജാതി സെൻസസിന്റെ ഭാഗമായി ചെറുപുഴ ആറാട്ടുകടവ് കോളനിയിൽ കർണാടക സ്റ്റിക്കർ പതിച്ച സംഭവം</u>**

**4526 ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയൊട്ടാകെ നടക്കുന്ന ജാതിസെൻസസിന്റെ ഭാഗമായി കേരള-കർണാടക അതിർത്തിയിലെ ചെറുപുഴ പഞ്ചായത്തിലെ ആറാട്ടുകടവ് കോളനിയിലെ വീടുകളിൽ കർണാടക സ്റ്റിക്കർ പതിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും രീതിയിലുളള അന്വേഷണം നടത്തിയോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത അന്വേഷണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

<u>സാമൂഹിക സാമ്പത്തിക ജാതി സെൻസസ്</u>

4527 **ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പ് നടത്തുന്ന സാമൂഹിക സാമ്പത്തിക ജാതി സെൻസസ് നടത്തുന്നതിന് വിവിധ ജില്ലകളിൽ ഏതെല്ലാം സ്വകാര്യ കമ്പനികൾക്കാണ് പുറംകരാർ നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) സേവനദാതാക്കൾ നിയോഗിക്കുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്കും ഡാറ്റാ ബെയ്സ്ഡ് അഡ്മിനിസ്ട്രേറ്റർമാർക്കും നിശ്ചയിച്ചിട്ടുള്ള യോഗ്യതാമാനദണ്ഡങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(സി) സേവനദാതാക്കൾ സർക്കാരുമായി ഉണ്ടാക്കിയ കരാർ ഉടമ്പടി പ്രകാരം ഡി. ഇ.ഒ/ഡി. ബി.എ മാരുടെ പ്രതിഫല നിരക്ക് എത്ര; വ്യക്തമാക്കുമോ;

(ഡി) കരാർ ഉടമ്പടി പ്രകാരം വാങ്ങുന്ന പ്രതിഫലം അതേ നിരക്കിൽ ഡി. ഇ.ഒ/ഡി. ബി.എ മാർക്ക് സേവന ദാതാക്കൾ നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത വിഭാഗക്കാർക്ക് അർഹമായ പ്രതിഫലം നൽകുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് സ്വകാര്യ കമ്പനികളുമായി കരാറിൽ ഏർപ്പെട്ട പാലക്കാട് ഐ. ടി. ഐ. യ്ക്ക് നിർദ്ദേശം നൽകുമോ ;

(എഫ്) സേവനദാതാക്കൾ നൽകിയ കരാർ ഉടമ്പടി പ്രകാരം സബ് കോൺട്രാക്റ്റ് നൽകരുതെന്ന് നിയമമമായ വ്യവസ്ഥയുണ്ടായിട്ടും ഡി. ഇ. ഒ/ ഡി.ബി.എ മാരുടെ നിയമനത്തിൽ സ്വകാര്യ കമ്പനികൾ സബ് കോൺട്രാക്റ്റ് കൊടുത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ കരാർ ഉടമ്പടി വ്യവസ്ഥകൾ ലംഘിച്ചതിന് എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>ബി. പി. എൽ. കാരെ നിശ്ചയിച്ചതിൽ അപാകതയും</u>
<u>പൊരുത്തക്കേടുകളും സംബന്ധിച്ച വിശദാംശങ്ങൾ</u>

T 4528 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, കെ. എം. ഷാജി
,, എൻ. എ. നെല്ലിക്കുന്ന്
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ സംസ്ഥാനത്ത് ബി. പി. എൽ. കാരെ നിശ്ചയിച്ചതിൽ അപാകതയും പൊരുത്തക്കേടുമുണ്ടായിട്ടുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സർക്കാർ മാനദണ്ഡം മറികടക്കാൻ സംസ്ഥാനത്തിന് പ്രത്യേക മാനദണ്ഡം നിശ്ചയിക്കുമോ ;

(സി) പ്രസ്തുത മാനദണ്ഡത്തിൽ രാഷ്ട്രീയ സാമൂഹ്യ പരിഗണനയുടെ പേരിൽ മാറ്റം വരുത്തി അനഹർക്ക് ബി. പി. എൽ. കാർഡ് നല്കിയിട്ടുണ്ടെന്ന കാര്യം അറിയാമോ ;

(ഡി) കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരം ബി. പി. എൽ. കാർഡിന് അർഹരായ നിരവധി പേർക്ക് അത് ലഭിച്ചിട്ടില്ലെന്നകാര്യം പരിഗണിക്കുമോ ;

(ഇ) എങ്കിൽ ഈ വൈരുദ്ധ്യം പരിഹരിച്ച് അർഹരായവർക്കെല്ലാം ബി. പി. എൽ. കാർഡ് ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**പി. എം. ജി. എസ്.വൈ പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെ റോഡുകളുടെ വികസനം**

4529 ശ്രീ. ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ റോഡുകൾ വികസിപ്പിക്കുവാൻ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത റോഡുകളുടെ പട്ടിക തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത റോഡുകളുടെ നിർമ്മാണം ഈ സാമ്പത്തിക വർഷംതന്നെ തുടങ്ങാൻ നടപടി എടുക്കുമോയെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**ആജീവിക പദ്ധതിയുടെ വിശദാംശങ്ങൾ**

4530 **ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**
**,, സണ്ണി ജോസഫ്**
**,, വി. റ്റി. ബൽറാം**
**,, എ. റ്റി. ജോർജ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആജീവിക പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുക ചെലവിടാനുദ്ദേശിക്കുന്നു;

(സി) പ്രസ്തുത പദ്ധതിയ്ക്കുള്ള കേന്ദ്ര സഹായം എത്രയാണ്;

(ഡി) പദ്ധതി എന്ന് ആരംഭിക്കാനാകും ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തേണ്ട വിഭാഗങ്ങൾ

4531 ശ്രീ. വി.ഡി. സതീശൻ
'' ലൂഡി ലൂയിസ്
'' റ്റി.എൻ. പ്രതാപൻ
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തേണ്ട വിഭാഗങ്ങളെ സംബന്ധിച്ചുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ യെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ പുതിയ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ;

(സി) അർഹരായവരെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ബി. പി. എൽ. ലിസ്റ്റ് പുതുക്കുന്നതിന് നടപടി**

**4532** **ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ നിലവിലുള്ള ബി. പി. എൽ. ലിസ്റ്റ് എന്ന് നിലവിൽ വന്നതാണ് ;

(സി) ഈ ലിസ്റ്റിനെതിരെ ഉണ്ടായ ആക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ ലിസ്റ്റ് പുതുക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഡി) തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് പോത്തൻകോട് ബ്ലോക്കുകളിലെ പുതുക്കിയ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാകുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**എ. പി. എൽ, ബി. പി. എൽ റേഷൻ കാർഡുകൾ**

**4533 ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ മുതൽ 2012 മേയ് വരെ എ. പി. എൽ. റേഷൻകാർഡ് ബി. പി. എൽ. റേഷൻകാർഡാക്കി മാറ്റുവാൻ ആകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് പറയുമോ;

(ബി) ഇതിൽ എത്ര അപേക്ഷകൾ പരിഗണിച്ച് ബി. പി. എൽ. കാർഡാക്കി മാറ്റിയിട്ടുണ്ട്;

(സി) എങ്കിൽ ഇതിന് സ്വീകരിച്ച മാനദണ്ഡം വിശദമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രൊമോഷൻ**

**4534** **ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I ഗ്രേഡ് II എന്നിവയിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ എത്രയാണ്;

(ബി) പ്രസ്തുത ഗ്രേഡുകളുടെ അനുപാതം 1:1 എന്ന് നിലനിർത്താൻ എന്തെങ്കിലും തടസ്സം ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കിയ അർഹതയുള്ള മുഴുവൻ രണ്ടാം ഗ്രേഡ് വി. ഇ. ഒ. മാർക്കും ഒന്നാം ഗ്രേഡിലേക്ക് പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**നീർത്തടാധിഷ്ഠിത പ്രാദേശിക വികസന പദ്ധതി (ഹരിയാലി പദ്ധതി)**

4535 **ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം നീർത്തടാധിഷ്ഠിത പ്രാദേശിക വികസന പദ്ധതി (ഹരിയാലി പദ്ധതി) കൊല്ലം ജില്ലയിൽ ഏതൊക്കെ ബ്ലോക്ക് പഞ്ചായത്തുകളിലാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്; പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന നിർവ്വഹണ ഏജൻസികൾ ഏതൊക്കെ; വിശദമാക്കുമോ;

(സി) ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രദേശം ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രദേശം തീരുമാനിക്കുന്നത് ഏത് ഉദ്യോഗസ്ഥനാണ്; തുടർന്നുള്ള സമയങ്ങളിൽ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രദേശം കൂടി ഉൾപ്പെടുത്തുവാൻ തയ്യാറാകുമോ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**2011–2012 സാമ്പത്തിക വർഷത്തിൽ തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ**

**4536 ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഏതെല്ലാം പദ്ധതികളാണ് 2011–2012 സാമ്പത്തിക വർഷത്തിൽ തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് പറയാമോ;

(ബി) എങ്കിൽ നടപ്പിലാക്കിയ ഓരോ പദ്ധതിയിലും എത്ര ഗുണഭോക്താക്കളുണ്ടായിരുന്നെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് വെളിപ്പെടുത്താമോ;

(സി) നടപ്പിലാക്കിയ ഓരോ പദ്ധതിക്കും എന്തു തുക ചെലവഴിച്ചെന്ന് വിശദമാക്കാമോ;

(ഡി) 2012–2013 സാമ്പത്തിക വർഷത്തിൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഇതിനകം മണ്ഡലത്തിൽ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**<u>നീർത്തട പരിപാലന പരിപാടി ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിൽ</u>**

4537 **ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
**നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത നീർത്തട പരിപാലന പരിപാടി (ഐ.ഡബ്ല്യു.എം.പി)ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിൽ ഏതൊക്കെ ഗ്രാമപഞ്ചായത്ത് പ്രദേശത്താണ് നടപ്പിലാക്കുന്നത്;**

(ബി) **പ്രസ്തുത പ്രദേശങ്ങൾ തെരെഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;**

(സി) **ഏത് ഉദ്യോഗസ്ഥ സംവിധാനത്തെയാണ് പ്രസ്തുത പ്രദേശം തെരെഞ്ഞെടുക്കുന്നതിലേക്ക് നിയോഗിക്കുന്നത്;**

(ഡി) **ഈ നീർത്തട പ്രദേശം പരിപാലന പദ്ധതി പ്രകാരം തെരെഞ്ഞെടുത്തിട്ടുള്ള പ്രദേശത്ത് ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്; വിശദമാക്കുമോ; ആയതിന് എത്ര രൂപാ വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;**

(ഇ) **പദ്ധതി നിർവ്വഹണം നടത്തുന്നതിലേക്കുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാണ്;**

(എഫ്) **പദ്ധതി പ്രവർത്തനം ആരംഭിക്കുമ്പോൾ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും, ഉദ്ദേശങ്ങളും നിയമസഭാ സാമാജികരെ അറിയിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് പാലിക്കപ്പെടുന്നുണ്ടോയെന്ന് അന്വേഷിച്ച് വിലയിരുത്തൽ നടത്തുവാൻ തയ്യാറാകുമോ?**

# കേരള നിയമസഭ

## 29.06.2012 -ലെ മറുപടിക്ക്

### നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാനം

**4538 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്ഥാനം നീലേശ്വരം മുൻസിപ്പാലിറ്റിയിൽനിന്നും മാറ്റി ബ്ലോക്ക് പഞ്ചായത്ത് അതിർത്തിക്കുള്ളിലേക്ക് മാറ്റാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?**

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

### കാസർഗോഡ് ജില്ലയിലെ 'പൂര' പദ്ധതി

4539 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'പൂര' (പ്രൊവിഷൻ ഓഫ് അർബൻ അതോറിറ്റിസ് ഇൻ റൂറൽ ഏര്യാസ്) പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**തിരുവനന്തപുരം ജില്ലയിലെ പി.എം.ജി.എസ്.വൈ റോഡുകൾ**

**4540 ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം പി.എം.ജി.എസ്.വൈ-ൽ ഉൾപ്പെടുത്തി എത്ര റോഡുകൾക്ക് തുക ലഭ്യമായിട്ടുണ്ട്; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ തിരുവനന്തപുരം ജില്ലയിലെ പി.എം.ജി.എസ്.വൈയിൽ ഉൾപ്പെടുത്തിയ പണികൾ നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

<u>ആലപ്പുഴയിലെ പി.എം.ജി.എസ്.വൈ ഫേസ് 8</u>

4541 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. യിൽ ഉൾപ്പെടുത്തി റോഡ് നിർമ്മാണം നടത്തുവാൻ റോഡുകൾ തെരെഞ്ഞടുക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ബി) പി.എം.ജി.എസ്.വൈ. യിൽ വിവിധ ഫേസുകളിൽ ആലപ്പുഴ ജില്ലയിൽ എത്ര റോഡുകൾ അനുവദിച്ചുവെന്ന് പറയാമോ ; ടെണ്ടർ ചെയ്തിട്ടും കരാറുകാർ ഏറ്റെടുക്കുവാൻ തയ്യാറാകാത്തതുമായ റോഡുകൾ ഏതെല്ലാമെന്ന് പറയാമോ ;

(സി) പി.എം.ജി.എസ്.വൈ. റോഡുകൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കരാറുകാർ താല്പര്യം കാണിക്കുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന് പരിഹാരം കാണാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) പി.എം.ജി.എസ്.വൈ. ഫേസ് 8-ൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽനിന്ന് കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള റോഡുനിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിൽ പി. എം. ജി. എസ്.വൈ</u>

**4542 ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പി. എം. ജി. എസ്.വൈ പ്രകാരം റോഡ് നിർമ്മാണം നടത്തുന്നതിലേക്ക് ഏറ്റവും ഒടുവിൽ നിർദ്ദേശം സമർപ്പിച്ചത് എന്നാണ്; പ്രസ്തുത പ്രവർത്തികൾക്ക് ഭരണാനുമതി ലഭിക്കുകയും, നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിരുന്നുവോ; വിശദാംശം അറിയിക്കുമോ;

(ബി) 2011-12, 2012-13 എന്നീ വർഷങ്ങളിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഏതെങ്കിലും പദ്ധതികൾ സമർപ്പിച്ചിരുന്നുവോ; എങ്കിൽ അവ ഏതൊക്കെയാണെന്നും, ഇപ്പോഴത്തെ പ്രവർത്തന പുരോഗതി ഏന്താണെന്നും അറിയിക്കുമോ;

(സി) പി. എം. ജി. എസ്.വൈ പ്രകാരം നിർമ്മാണം ഏറ്റെടുക്കുവാൻ ഉതകുന്ന റോഡുകളുടെ പട്ടിക ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെ; വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>ചാക്കുടി മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. റോഡുകൾ</u>

4543 **ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം എത്ര റോഡുകളുടെ നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത നിർമ്മാണം ആരംഭിക്കുന്നതിന് നടപടി പൂർത്തിയാക്കിയ റോഡുകളുടെ വിവരങ്ങൾ അറിയിക്കുമോ ;

(സി) ഏതെല്ലാം റോഡുകളാണ് ഇനിയും നടപടികൾ പൂർത്തീകരിക്കാത്തതായി ഉള്ളത് ; എങ്കിൽ നടപടി പൂർത്തീകരിച്ച് നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**നിർദ്ധന ഗ്രാമീണർക്ക് ഇന്ദിരാ ആവാസ് യോജന പദ്ധതി**

**4544 ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിർധന ഗ്രാമീണർക്ക് ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് നൽകുന്ന ധനസഹായം എത്ര; വ്യക്തമാക്കുമോ;

(ബി) കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലയിലുണ്ടായ വർദ്ധനവും വിദഗ്ദ്ധ തൊഴിലാളികളുടെ കൂലി വർദ്ധനവും കണക്കിലെടുത്ത് പ്രസ്തുത പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രഗവൺമെന്റിന് നിവേദനം നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചു നൽകുവാൻ സംസ്ഥാനതലത്തിൽ മറ്റെന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കേരള നിയമസഭ

## 29.06.2012 -ലെ മറുപടിക്ക്

<u>ഗ്രാമീണ ഭവന നിർമ്മാണം പ്രോൽസാഹിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ</u>

4545 ശ്രീ. കെ. ശിവദാസൻ നായർ
'' ഡൊമിനിക് പ്രസന്റേഷൻ
'' എം.എ. വാഹിദ്
'' ഐ.സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ഭവന നിർമ്മാണം പ്രോൽസാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിന് വേണ്ടുന്ന വായ്പ വിഹിതം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(സി) സംസ്ഥാനത്തെ അർബൻ സഹകരണ ബാങ്കുകൾക്ക് ആർബിഐ-ൽ നിന്നും അനുമതി ലഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കു മോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

ഐ.എ.വൈ

**4546 ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.എ.വൈ ഭവന പദ്ധതിയിൽ സംസ്ഥാനവിഹിതം വർദ്ധിപ്പിച്ച് ഒരു വീടിന് ജനറൽ വിഭാഗത്തിന് 2 ലക്ഷവും എസ്.സി വിഭാഗത്തിന് 2.5 ലക്ഷവും രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) 2011-12 വർഷത്തിൽ കരാർ ഉണ്ടാക്കി പ്രവൃത്തി തുടങ്ങിയ മുഴുവൻപേർക്കും ആയത് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2011 ഏപ്രിൽ 1 മുതൽ 2011 സെപ്റ്റംബർ 1 വരെ കരാർവെച്ചവർക്ക് ഉയർത്തിയ തുക ലഭിക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇവർക്കുകൂടി പ്രയോജനം ലഭിക്കുന്ന തരത്തിൽ ഉത്തരവിറക്കുമോ; വിശദമാക്കാമോ;

(ഇ) ഐ.എ.വൈ. പദ്ധതിയിൽ കേന്ദ്രവിഹിതം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**<u>കുടുംബശ്രീ മിഷൻ അധികമായി ആവശ്യപ്പെട്ട തുക</u>**

**4547 ശ്രീ. എ.എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷത്തിൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധികമായി കുടുംബശ്രീ മിഷൻ എത്ര തുക ആവശ്യപ്പെട്ടിരുന്നു;

(ബി) അധികമായി ആവശ്യപ്പെട്ട തുക നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**<u>തൊഴിലുറപ്പ് വേതനകൂലി</u>**

**4548 ശ്രീ. ബി. സത്യന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയില്‍ തൊഴിലെടുക്കുന്നവര്‍ക്ക് 14 ദിവസത്തിനകം വേതനം നല്‍കാന്‍ കഴിയാത്തത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ ഇവര്‍ക്ക് നിശ്ചിത സമയത്തിനുള്ളില്‍ കൂലി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**<u>തൊഴിലുറപ്പ് പദ്ധതി-നെൽകൃഷി</u>**

**4549 ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യത്തിന്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കാർഷിക മേഖലയിൽ നെൽകൃഷിയുമായി ബന്ധപ്പെട്ട പണികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ദേശീയ ഗ്രാമീണ ഉപജീവന മിഷൻ**

**4550 ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഗ്രാമീണ ഉപജീവനമിഷൻ (എൻ. ആർ. എൽ. എം) സംസ്ഥാനത്ത് എന്നു മുതൽക്കാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ഏജൻസികളുടെ പങ്കാളിത്തത്തോടു കൂടിയാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് നൽകിയ മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; പ്രസ്തുത മാർഗനിർദ്ദേശ രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഈ പദ്ധതി കേരളത്തിൽ കുടുംബശ്രീ സംഘടനാ സംവിധാനം ഉപയോഗപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശത്തിൽ പരാമർശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

### തൊഴിലുറപ്പ് പദ്ധതി

4551 ശ്രീ. സി.കെ. സദാശിവന്‍
,, വി. ചെന്താമരാക്ഷന്‍
ശ്രീമതി കെ.കെ. ലതിക
,, കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സംസ്ഥാനത്ത് ജോലിക്ക് അപേക്ഷിച്ചവര്‍ക്കെല്ലാം തൊഴില്‍ നല്‍കുന്നുണ്ടോ; ഇത് സംബന്ധിച്ച നിയമവ്യവസ്ഥ എന്താണ്;

(ബി) ഗ്രാമ പഞ്ചായത്തുകളില്‍ രജിസ്റ്റര്‍ ചെയ്ത എത്ര പേര്‍ക്ക് ഇനിയും തൊഴില്‍ നല്‍കാന്‍ ബാക്കി നില്‍പ്പുണ്ട്; തൊഴില്‍ നല്‍കാന്‍ കഴിയാത്തവര്‍ക്കെല്ലാം തൊഴിലില്ലായ്മ വേതനം നല്‍കിയിട്ടുണ്ടോ;

(സി) പദ്ധതി പ്രകാരമുള്ള വേതനം ഒരാഴ്ചക്കുള്ളില്‍ നല്‍കാന്‍ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനു ശേഷം ഇതേവരെ ഓരോ വര്‍ഷവും ചെലവായ തുക സംബന്ധിച്ച വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ; സംസ്ഥാന സര്‍ക്കാരിന് പ്രസ്തുത പദവിയിന്‍ എന്തെങ്കിലും ചെലവുണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ അഴിമതി</u>

4552 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, എം. എ. വാഹിദ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ അഴിമതി തടയുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി എന്തെല്ലാം സംവിധാനമാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ബി) ആയതിനായി എല്ലാ ജില്ലകളിലും ഓംബുഡ്സ്മാനെ നിയമിക്കുന്ന കാര്യം തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ഇതിനു വേണ്ടുന്ന ജീവനക്കാരെ എവിടെ നിന്നാണ് കണ്ടെത്തുന്നത്;

(ഡി) പരാതികൾ സ്വീകരിക്കാനും പരിഹരിക്കാനും എന്തെല്ലാം സംവിധാനങ്ങളാണ് ഓംബുഡ്സ്മാനിൽ ഒരുക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**തൊഴിലുറപ്പ് വേതന കുടിശ്ശിക**

**4553 ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് നൽകാൻ കുടിശ്ശികയും ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയാണ് കുടിശ്ശികയായിട്ടുള്ളത്;

(സി) ഈ തുക കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് അനുവദിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**തൊഴിലുറപ്പു പദ്ധതിയിൽ പുരുഷ തൊഴിലാളികളുടെയും മെയിറ്റ്മാരുടെയും വേതനം**

**4554**

**ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 100 ദിവസം പണി പൂർത്തിയാക്കിയ തൊഴിലാളികൾക്ക് 1000 രൂപ അനുവദിച്ചതിൽ പുരുഷ തൊഴിലാളികളും, മെയിറ്റ്മാരും ഉൾപ്പെടാതിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 100 ദിവസം പണി പൂർത്തിയാക്കിയ പുരുഷ തൊഴിലാളികൾക്കും, മെയിറ്റ്മാർക്കും കൂടി 1000 രൂപ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) തൊഴിലുറപ്പ് തൊഴിലാളികൾക്ക് യൂണിഫോം അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ദേശീയ തൊഴിലുറപ്പ് പദ്ധതി ജീവനക്കാരുടെ വേതനം**

4555 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിന്റെഭാഗമായി ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ കരാർ വ്യവസ്ഥയിൽ എത്ര ജീവനക്കാരാണ് ഉളളത്; വിശദാംശം നൽകാമോ ;

(ബി) ഇവരുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**തൊഴിലുറപ്പു പദ്ധതിക്ക് മേറ്റുമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ**

4556 **ശ്രീ. എ.കെ. ശശീന്ദ്രൻ**
**,, തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **തൊഴിലുറപ്പ് പദ്ധതിയുടെ ചുമതല വഹിക്കുന്ന മേറ്റുമാരെ തെരഞ്ഞെടുക്കുന്നതിന് പുതിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; വെളിപ്പെടുത്താമോ ; എങ്കിൽ വിശദമാക്കാമോ ;**

(ബി) **കുടുംബശ്രീ, എ.ഡി.എസ് വോളണ്ടിയർമാരിൽ നിന്ന് മേറ്റുമാരെ തെരഞ്ഞെടുക്കരുതെന്ന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;**

(സി) **എങ്കിൽ പ്രസ്തുത നിർദ്ദേശം പുറപ്പെടുവിക്കാനുള്ള കാരണം വ്യക്തമാക്കുമോ;**

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി</u>

4557

### ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തുടങ്ങിവെച്ച അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം എന്ന നിലവിൽ എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ലഭ്യമായില്ല എന്ന് വെളിപ്പെടുത്താമോ;

(ഇ) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ; ഇല്ലെങ്കിൽ എന്തെല്ലാം കാരണങ്ങളാലാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പിനായി ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുള്ള നിയമനങ്ങളുടെ വിശദാംശങ്ങൾ**

**4558 ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പിനായി ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽ ഏതെല്ലാം തസ്തികകളിൽ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത നിയമനങ്ങളുടെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് പറയുമോ;

(സി) പ്രസ്തുത നിയമനങ്ങളിൽ സംസ്ഥാനത്ത് നിലവിലുള്ള സംവരണ തത്വം നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടോ;

(ഇ) പദ്ധതിയാരംഭത്തിൽ നിയമിക്കപ്പെട്ടവരിൽ എത്ര പേർ ഇതിനകം ഒഴിവാക്കപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഉദ്യോഗസ്ഥരുടെ വിശദാംശം**

**4559 ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തുകളിൽ എത്ര ഉദ്യോഗസ്ഥർക്കാണ് നേരിട്ട് ചുമതലയുള്ളത്; ഏതൊക്കെ തസ്തികയിലാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകൾ എല്ലാം സ്ഥിരം തസ്തികയാണോ; സ്ഥിരം തസ്തിക അല്ലെങ്കിൽ ആയത് സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന കാലയളവിൽ ഇതിനായുള്ള തുക ഭരണ ചെലവിൽ നിന്നും സ്ഥിരം തസ്തികയിലേക്ക് ശമ്പളം നൽകുവാൻ ഉപയോഗിക്കുവാൻ സാധിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**നാട്ടിക നിയോജകമണ്ഡലത്തിലെ ദേശീയ തൊഴിലുറപ്പ് പ്രവൃത്തികള്‍**

**4560 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളില്‍ 2011-12 വര്‍ഷം മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിന്‍പ്രകാരം സൃഷ്ടിച്ച തൊഴില്‍ ദിനങ്ങളും ചെലവഴിച്ച തുകയും എത്ര; വ്യക്തമാക്കാമോ ;

(ബി) 2012-13 വര്‍ഷത്തേക്ക് പ്രസ്തുത പഞ്ചായത്തുകള്‍ക്കായി നീക്കി വെച്ചിരിക്കുന്ന തുക എത്ര വീതമെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**കർഷക ആത്മഹത്യകൾ**

4561 **ശ്രീ. എ. കെ. ശശീന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക ആത്മഹത്യകളെ സംബന്ധിച്ച് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിക്സ് വകുപ്പ് അവസാനമായി സർവ്വേ നടത്തിയതെന്നായിരുന്നു;

(ബി) അടുത്ത കാലത്ത് നടന്ന കർഷക ആത്മഹത്യകളുടെ പശ്ചാത്തലത്തിൽ ഇത് സംബന്ധിച്ച് ഒരു സർവ്വേ നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**<u>ക്ഷീര കർഷക പെൻഷൻ</u>**

4562 ശ്രീ. കെ. വി. വിജയദാസ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വായ്പയെടുത്ത് കന്നുകാലികളെ വളർത്തി കടക്കെണിയിലായ ക്ഷീരകർഷകരെ സഹായിക്കാൻ എന്തെങ്കിലും നടപടി കൈക്കൊള്ളുമോ;

(ബി) ക്ഷീരകർഷകരുടെ വായ്പ കാർഷിക വായ്പയായി പരിഗണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ക്ഷീരകർഷക പെൻഷൻ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കാലിത്തീറ്റ വില നിയന്ത്രിക്കാനും അവയുടെ ഗുണമേന്മ ഉറപ്പുവരുത്താനും സർക്കാർ തലത്തിൽ എന്തൊക്കെ ചെയ്യാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ശ്രീ. ആർ. ഹേലി കമ്മിറ്റി ശുപാർശകൾ**

**4563 ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ മേഖലയിൽ ഉൽപാദനവും വികസനവും ലക്ഷ്യമാക്കുന്നതിന് ശ്രീ. ആർ. ഹേലി ചെയർമാനായുള്ള കമ്മിറ്റി നൽകിയ ശുപാർശകൾ എന്തെല്ലാമായിരുന്നു എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത ശുപാർശകൾ നടപ്പിലാക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് പറയാമോ;

(സി) ക്ഷീരകർഷകർക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും സർക്കാർ നൽകുന്ന സഹായ പദ്ധതികൾ എന്തെല്ലാം എന്ന് വിശദീകരിക്കാമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ക്ഷീരവികസന പദ്ധതി**

**4564** **ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിലെ ക്ഷീരവികസന പദ്ധതികൾ കർഷകരെ നഷ്ടത്തിലേക്ക് നയിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം പശുക്കളെ തമിഴ്നാട്ടിൽ നിന്നുതന്നെ വാങ്ങണമെന്ന നിബന്ധന പിൻവലിക്കുമോ;

(സി) അത്യുൽപ്പാദനശേഷിയുള്ള പശുക്കളെ കണ്ടെത്തി കർഷകർക്ക് വാങ്ങി നൽകുന്നതിന് അധികൃതർ വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**മിൽമയുടെ പാൽ വിൽപ്പനയുടെ വിശദാംശം**

**4565 ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മിൽമയുടെ സാധാരണ ദിവസങ്ങളിലെ പാൽ വിൽപ്പന എത്ര ലക്ഷം ലിറ്ററാണ് ; മേഖല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ വർഷം മിൽമയ്ക്ക് റെക്കാർഡ് വിൽപ്പന നടന്ന ദിവസം ഏത് ; പ്രസ്തുത ദിവസം എത്ര ലിറ്റർ പാൽ വിൽപ്പന നടത്തി ; വ്യക്തമാക്കുമോ ;

(സി) മിൽമയുടെ ശരാശരി പ്രതിദിന വരുമാനം എത്ര ; പ്രതിദിനം ചെലവ് എത്ര ; വ്യക്തമാക്കുമോ ;

(ഡി) മിൽമയുടെ വികസനത്തിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**തിരുവനന്തപുരം ക്ഷീരോൽപ്പാദക യൂണിയൻ പ്രതിദിനം വിൽപ്പന നടത്തുന്ന പാലിന്റെ വിശദാംശങ്ങൾ**

4566 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ക്ഷീരോൽപ്പാദക യൂണിയൻ പ്രതിദിനം വിൽപ്പന നടത്തുന്ന പാൽ എത്രയാണ് ; വ്യക്തമാക്കാമോ ;

(ബി) റ്റി.ആർ.സി.എം.പി.യു. പ്രതിദിനം പ്രാഥമിക ക്ഷീരസംഘങ്ങളിൽ നിന്നും സംഭരിക്കുന്ന പാലും, മറ്റു സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന പാലും കേരളത്തിലെ മറ്റു മേഖലാ യൂണിയനുകളിൽ നിന്നും വാങ്ങുന്ന പാലും എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) റ്റി.ആർ.സി.എം.പി.യു. പ്രാഥമിക ക്ഷീരസംഘങ്ങളിൽ നിന്നും സംഭരിക്കുന്ന പാലിന് നൽകുന്ന വിലയും മറ്റു സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന പാലിന്റെ വിലയും വ്യക്തമാക്കാമോ ;(ഒരു ലിറ്റർ പാലിന് നൽകുന്ന വില)

(ഡി) റ്റി.ആർ.സി.എം.പി.യു.മറ്റു സംസ്ഥാനങ്ങളിൽ നിന്നും സ്കിംഡ് പാൽ വാങ്ങാറുണ്ടോ ; ആയതിന് നൽകുന്ന വിലയും (ലിറ്ററിന്) എത്ര ; വിശദമാക്കുമോ ;

(ഇ) സ്കിംഡ് പാൽ ഏത് ഉൽപ്പന്നം ഉത്പാദിപ്പിക്കുന്നതിനാണ് ഉപയോഗിക്കുന്നത് ; വ്യക്തമാക്കാമോ ;

(എഫ്) റ്റി.ആർ.സി.എം.പി.യു. ഇപ്പോൾ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കാമോ ;

(ജി) റ്റി.ആർ.സി.എം.പി.യു. 2011-12 വർഷത്തിൽ ഉണ്ടായ പ്രവർത്തന ലാഭം എത്രയാണെന്നും വ്യക്തമാക്കാമോ ;

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

(എഫ്) റ്റി.ആർ.സി.എം.പി.യു. 2011-12 വർഷത്തിൽ പ്രവർത്തന ലാഭത്തിന്റെ എത്ര ശതമാനമാണ് സിൽബന്തി ചെലവിനായി വിനിയോഗിച്ചിട്ടുളളത് ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>പ്രവാസി മലയാളി വിദ്യാർത്ഥികളുടെ മലയാള ഭാഷാ പഠനം</u>

4567 ശ്രീ. എം. എ. വാഹീദ്
,, ഐ. സി. ബാലകൃഷ്ണൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനത്തുള്ള മലയാളി വിദ്യാർത്ഥികൾക്ക് മലയാള ഭാഷ പഠിക്കുവാനുള്ള സംവിധാനം ഒരുക്കുന്ന പദ്ധതി പരിഗണനയിലുണ്ടോയെന്ന് പറയാമോ;

(ബി) ഇന്ത്യയിൽ എവിടെയൊക്കെയാണ് ഇതിനുള്ള ശ്രമം തുടങ്ങിയിട്ടുള്ളത്;

(സി) മലയാളി സാന്നിദ്ധ്യം ഏറെയുള്ള വിദേശങ്ങളിലും ഇതിനുള്ള ശ്രമം നടത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**<u>സംസ്ഥാനത്ത് യു.എ.ഇ. കോണ്‍സുലേറ്റ് ആരംഭിക്കാന്‍ നടപടി</u>**

**4568** ശ്രീ. കെ. മുരളീധരന്‍
'' സണ്ണി ജോസഫ്
'' എ. പി. അബ്ദുള്ളക്കുട്ടി
'' വി. ഡി. സതീശന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് യു.എ.ഇ. കോണ്‍സുലേറ്റ് ആരംഭിക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എവിടെയാണ് കോണ്‍സുലേറ്റ് സ്ഥാപിക്കുന്നത് ;

(സി) കോണ്‍സുലേറ്റ് ആരംഭിക്കുന്നതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് മലയാളികള്‍ക്ക് ലഭിക്കുന്നത് ;

(ഡി) പ്രസ്തുത കോണ്‍സുലേറ്റ് ആരംഭിക്കുന്നതിനുള്ള നടപടികള്‍ ഊര്‍ജ്ജിതമാക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**കേരള ഭാഷാ ഇൻസ്റ്റിട്യൂട്ടിന്റെ പ്രവർത്തനം**

**4569** **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**,, കെ. ശിവദാസൻനായർ**
**,, എം. എ. വാഹിദ്**
**,, ജോസഫ് വാഴക്കൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;**

(ബി) **മലയാള ഭാഷയിലെ ഗവേഷണ ഗ്രന്ഥങ്ങളും പഠനങ്ങളും ചരിത്ര വസ്തുക്കളും സംരക്ഷിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് എന്തെല്ലാം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;**

(സി) **വാണിജ്യാടിസ്ഥാനത്തിൽ ഇത്തരം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?**

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

### പുനലൂർ തൂക്കുപാലം

4570

ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 1877 ൽ നിർമ്മിച്ച പുനലൂർ തൂക്കുപാലം അറ്റകുറ്റപ്പണി നടത്തി പുതുക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കിറ്റ്കോയ്ക്ക് എന്ന് തുക നൽകിയെന്ന് പറയാമോ;

(ബി) പ്രസ്തുത പാലം പുതുക്കി പണിയുന്നതിന് കമ്പകത്തടി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വെളിപ്പെടുത്തുമോ;

(സി) എങ്കിൽ നാശോന്മുഖമായിരിക്കുന്ന പ്രസ്തുത പുരാതന പാലത്തിന്റെ അറ്റകുറ്റപ്പണി എത്ര നാൾക്കകം പൂർത്തികരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

### തുളു അക്കാദമിയ്ക്ക് ആസ്ഥാന മന്ദിരം പണിയുന്നതിന് ആവശ്യമായ ഫണ്ട്

4571 **ശ്രീ. പി. ബി. അബ്ദുൾ റസാക്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തുളു അക്കാദമിയുടെ ആസ്ഥാന മന്ദിരം നിലവിൽ ഹൊസങ്കടിയിലെ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അക്കാദമിക്ക് ആസ്ഥാന മന്ദിരം പണിയുന്നതിന് മീഞ്ച പഞ്ചായത്തിലെ കടമ്പാൽ എന്ന പ്രദേശത്ത് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ;

(സി) തുളു അക്കാദമിക്ക് ആസ്ഥാന മന്ദിരം പണിയുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**തൃശ്ശൂർ ഇരവിമംഗലം ഗ്രാമീണ വായനശാലയ്ക്ക് കെട്ടിടം**

**4572 ശ്രീ. എം. പി. വിൻസെന്റ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഇരവിമംഗലം ഗ്രാമീണ വായനശാലയ്ക്ക് കെട്ടിടം പണിയുവാൻ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇതിനായി ലഭിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ചെമ്പൈ മ്യൂസിക് ഹാളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

4573 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോട്ടായി പഞ്ചായത്തിലെ ചെമ്പൈ മ്യൂസിക് ഹാളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാകുമെന്ന് പറയാമോ ;

(ബി) പ്രസ്തുത നിർമ്മാണം ഏറ്റെടുത്തിട്ടുളള ഏജൻസി നിലവിൽ അഡീഷണൽ എസ്റ്റിമേറ്റ് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് നൽകിയിട്ടുളളത് ; എങ്കിൽ ഈ തുക അനുവദിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നീണ്ടുപോകുന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>യക്ഷഗാന അക്കാദമി</u>

4574 **ശ്രീ. പി. ബി. അബ്ദുൾ റസാക്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) യക്ഷഗാന അക്കാദമിയുടെ ആസ്ഥാന മന്ദിരത്തിനായി കുമ്പള പഞ്ചായത്തിലെ മുണ്ടുംകാവ് എന്ന സ്ഥലത്ത് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി എത്ര തുക അനുവദിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും പറയുമോ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; സമയബന്ധിതമായി കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**<u>കലാകാരന്മാർക്ക് സൗജന്യ ചികിത്സാ പദ്ധതി</u>**

4575 **ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യത്തിന്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**കലാകാരന്മാർക്ക് സൗജന്യ ചികിത്സാ പദ്ധതി നിലവിലുണ്ടോ ; ഇല്ലെങ്കിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ?**

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ശ്രീ. മങ്കട രവിവര്‍മ്മയുടെ പേരില്‍ സാംസ്ക്കാരിക നിലയം**

4576 **ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോര്‍ക്കയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) അന്തരിച്ച പ്രശസ്ത സിനിമ ഛായാഗ്രാഹകന്‍ ശ്രീ. മങ്കട രവിവര്‍മ്മയുടെ പേരില്‍ ഒരു സാംസ്ക്കാരിക നിലയം ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) സൗജന്യമായി സ്ഥലം ലഭിച്ചാല്‍ ശ്രീ. മങ്കട രവിവര്‍മ്മയുടെ ജന്മസ്ഥലമായ മലപ്പുറം ജില്ലയിലെ മങ്കടയില്‍ സാംസ്ക്കാരിക നിലയം തുറക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ജൂൺ മാസത്തിലെ ജനപഥം**

**4577** ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012 ജൂൺ മാസത്തിലെ ജനപഥം എത്ര കോപ്പിയാണ് അച്ചടിച്ചതെന്ന് പറയാമോ ;

(ബി) എങ്കിൽ ഏതു പ്രസ്സിലാണ് ഇത് അച്ചടിക്കുന്നത് ;

(സി) എത്ര കോപ്പിയാണ് സാധാരണ അച്ചടിക്കാറുള്ളത് ;

(ഡി) ജൂൺ മാസത്തിലെ ജനപഥം രണ്ടാമത് അച്ചടിക്കാൻ ഇടവന്നിട്ടുണ്ടോ ;

(ഇ) എങ്കിൽ കാരണമെന്താണെന്ന് വിശദമാക്കാമോ ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**<u>മലയാളം മിഷന്റെ പ്രവര്‍ത്തനങ്ങള്‍</u>**

4578 **ശ്രീ. കെ. ശിവദാസന്‍ നായര്‍**
'' **പാലോട് രവി**
'' **റ്റി.എന്‍. പ്രതാപന്‍**
'' **ലൂഡി ലൂയിസ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോര്‍ക്കയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മലയാളം മിഷന്റെ പ്രവര്‍ത്തനങ്ങള്‍ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മറ്റ് സംസ്ഥാനങ്ങളില്‍ മിഷന്റെ പ്രവര്‍ത്തന കേന്ദ്രങ്ങള്‍ ഉണ്ടോ; വിശദമാക്കുമോ;

(സി) ഏത് ഏജന്‍സിയുടെ സഹായത്തോടെയാണ് ഇത് പ്രാവര്‍ത്തിക മാക്കുന്നത്?

# കേരള നിയമസഭ
## 29.06.2012 –ലെ മറുപടിക്ക്

<u>കോട്ടുക്കൽ ഗുഹാക്ഷേത്ര വികസനം</u>

4579 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ചടയമംഗലം മണ്ഡലത്തിലെ കോട്ടുക്കൽ ഗുഹാക്ഷേത്രം സംരക്ഷണത്തിനും വികസനത്തിനുമായി ഒരു പദ്ധതി തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകം മാപ്പിളകലാ അക്കാഡമിയാക്കുന്നതിന് നടപടി**

**4580 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള കൊണ്ടോട്ടിയിലെ മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തിന് വേണ്ടി ഈ സർക്കാർ അധികാരമേറ്റ ശേഷം ചെയ്ത കാര്യങ്ങൾ വിശദീകരിക്കുമോ ;

(ബി) പ്രസ്തുത സ്മാരകത്തെ മാപ്പിളകലാ അക്കാഡമിയാക്കുമെന്ന പ്രഖ്യാപനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ആയത് എന്ന് പ്രാവർത്തികമാക്കുവാൻ സാധിക്കും; വ്യക്തമാക്കുമോ;

(ഡി) എങ്കിൽ അക്കാഡമിയാക്കുന്നതോടെ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കുവാൻ സാധിക്കും ; വിശദമാക്കുമോ ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**<u>പരസ്യച്ചെലവ്</u>**

**4581 ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന 2011 മെയ് 18 മുതൽ ഇതേവരെ സർക്കാരിന്റെ പ്രവർത്തനങ്ങൾ വിവിധ വർത്തമാന പത്രങ്ങൾ വഴി പ്രചരിപ്പിക്കുന്നതിന് എത്ര കോടി രൂപ ചെലവഴിച്ചു;

(ബി) ഇതേ കാലയളവിൽ ഇലക്ട്രോണിക് മാധ്യമങ്ങൾ വഴി എത്ര കോടി രൂപ ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**പരസ്യങ്ങൾക്ക് ചെലവായ തുകയുടെ വിശദാംശങ്ങൾ**

**4582 ശ്രീ. പി. കെ. ഗുരുദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഉദ്ഘാടനങ്ങളുടെയും പ്രഖ്യാപനങ്ങളുടെയും പ്രചാരണങ്ങൾക്കുവേണ്ടി വിവിധങ്ങളായ രൂപത്തിലുള്ള പരസ്യങ്ങൾ നല്കിയ ഇനത്തിൽ ബാധ്യതപ്പെട്ട ചെലവ് എത്ര;

(ബി) ആയതിൽ ഇതിനകം എത്രകോടി രൂപ നല്കി കഴിഞ്ഞു;

(സി) പത്ര-ദൃശ്യ മാധ്യമങ്ങൾക്ക് പരസ്യ ഇനത്തിൽ നല്കാൻ ബാധ്യതപ്പെട്ട തുകയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നനാൾ മുതൽ 2012 ജൂൺ 10 വരെയും മുൻ സർക്കാർ അധികാരത്തിൽ വന്ന 2006 മേയ് 18 മുതൽ ജൂൺ 10 വരെയും പരസ്യങ്ങൾക്കുവേണ്ടി ചെലവഴിച്ച തുക വിശദമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**പി.ആർ.ഡി വഴിയും ഓരോ വകുപ്പും മുഖാന്തിരവും പരസ്യങ്ങൾക്കായി ചെലവഴിച്ച തുക**

4583 **ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യത്തിന്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന് ഇന്നേവരെ പരസ്യങ്ങൾക്കായി നൽകിയ തുക എത്രയെന്നും ഇനി കൊടുത്ത് തീർക്കാനുള്ള തുക എത്രയെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>പരസ്യത്തിന് ചെലവായ തുകയുടെ വിശദാംശം</u>

4584 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ രണ്ടാം വർഷത്തിലേക്ക് കടക്കുന്ന വേളയിൽ പരസ്യത്തിലേക്കായി എത്ര രൂപ ഖജനാവിൽ നിന്ന് വിനിയോഗിച്ചു; വെളിപ്പെടുത്തുമോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പരസ്യങ്ങൾക്ക് എപ്രകാരം തുക വിനിയോഗിച്ചു എന്നതിന്റെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>പ്രവാസി മലയാളികളുടെ ക്ഷേമത്തിന് പുതിയ പദ്ധതികൾ</u>

4585 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

പ്രവാസിമലയാളികളുടെ ക്ഷേമത്തിനായി പുതിയ എന്തെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ; വിശദാംശം നല്കാമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>പ്രവാസികൾക്കായുള്ള പുനരധിവാസ പാക്കേജ്</u>

4586 **ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം ജോലി നഷ്ടപ്പെട്ട് മടങ്ങുന്ന പ്രവാസി മലയാളിക്കായി നടപ്പിലാക്കിയിട്ടുള്ള പുനരധിവാസ പാക്കേജിന്റെ വിശദവിവരം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>പ്രവാസിക്ഷേമനിധി</u>

4587 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സർക്കാർ നടപ്പിലാക്കിയ പ്രവാസിക്ഷേമനിധിയിൽ അംഗമാകുന്ന തിനുള്ള മാനദണ്ഡങ്ങളും പ്രസ്തുത ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങളും എന്തൊ ക്കെയാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 29.06.2012 -ലെ മറുപടിക്ക്

## വിദേശത്തെ ജയിലുകളിൽ മലയാളി തടവുകാർ

4588 **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദേശത്തെ ജയിലുകളിൽ മലയാളി തടവുകാർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എന്തെല്ലാം നിയമസഹായങ്ങളാണ് ലീഗൽ എയിഡ് സെൽ നൽകുന്നതെന്നും ആയത് എത്ര പേർക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) ലീഗൽ എയിഡ് സെൽ മുഖേന എന്തെല്ലാം സേവനങ്ങളാണ് വിദേശ മലയാളികൾക്ക് നല്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) വിദേശ മലയാളി തടവുകാർക്ക് സേവനം നല്കുന്നതിൽ പുതിയ പദ്ധതികൾ എന്തെങ്കിലും പരിഗണനയിലുണ്ടോ ; എങ്കിൽ അവ വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**<u>വിദേശ ജയിലുകളിലടയ്ക്കപ്പെട്ട മലയാളികള്‍</u>**

**4589 ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വിവിധ കാരണങ്ങളാല്‍ അറേബ്യന്‍ രാജ്യങ്ങളിലെ ജയിലുകളിലടയ്ക്കപ്പെട്ട മലയാളികളെക്കുറിച്ചുള്ള കണക്കുകള്‍ ലഭ്യമാണോ; എങ്കില്‍ വിശദാംശം നല്‍കുമോ;

(ബി) ഇത്തരക്കാര്‍ക്ക് നിയമ സഹായം നല്‍കുന്നതിനും അര്‍ഹരായവരെ മോചിപ്പിക്കുന്നതിനും സര്‍ക്കാര്‍ മുന്‍കൈയ്യെടുക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം വിദേശ ജയിലുകളിലടയ്ക്കപ്പെട്ട മലയാളികളുടെ മോചനത്തിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>വിദേശത്തു വച്ച് മരണപ്പെടുന്നവര്‍</u>

4590 ശ്രീ. പി. ബി. അബ്ദുള്‍ റസാക്
,, എം. ഉമ്മര്‍
,, കെ. എന്‍. എ. ഖാദര്‍
,, അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വിദേശത്തു വച്ച് മരണപ്പെടുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം ലഭിക്കാന്‍ എന്തെല്ലാം നടപടിക്രമങ്ങളാണ് പൂര്‍ത്തീകരിക്കേണ്ടത്; വിശദാംശം നല്‍കുമോ;

(ബി) പ്രവാസി ക്ഷേമനിധിയുടെ അംഗത്വത്തിനുള്ള പ്രായപരിധി ഉയര്‍ത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) വിദേശത്ത് വച്ച് മരണമടഞ്ഞവരുടെ മൃതദേഹം നാട്ടില്‍ എത്തിക്കുന്നതിനുള്ള ധനസഹായം ഇതേവരെ എത്ര കുടുംബങ്ങള്‍ക്ക് അനുവദിച്ചിട്ടുണ്ട്; വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**വിദേശ ജയിലുകളിലെ മലയാളികളെ നാട്ടിലെത്തിക്കുന്നതിനുള്ള ചെലവ്**

4591

**ശ്രീ. കെ. വി അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദേശ ജയിലുകളിൽ നിന്ന് മലയാളികളെ നാട്ടിലെത്തിക്കുന്നതിനുള്ള ചെലവ് എങ്ങിനെയാണ് കണ്ടെത്തുന്നത്;

(ബി) ചെലവിനുള്ള പണം ഏതെല്ലാം കമ്പനികളാണ് വഹിക്കുന്നത്;

(സി) ഏതെല്ലാം രാജ്യങ്ങളിൽ നിന്ന് എത്ര പേരെ ഈ സർക്കാർ അധികാരമേറ്റ ശേഷം നാട്ടിലെത്തിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.06.2012 –ലെ മറുപടിക്ക്

**വിദേശത്ത് വച്ച് മരണമടയുന്നവരുടെ ആശ്രിതരായ മാതാപിതാക്കൾക്ക് ധനസഹായം**

4592 **ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് വച്ച് മരണമടയുന്നവരുടെ ആശ്രിതരായ മാതാപിതാക്കൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ചാലക്കുടി മണ്ഡലത്തിലെ കൊടകര പഞ്ചായാത്തിൽപ്പെട്ട ശ്രീമതി പാപ്പമ്മ ഗോപാലൻ, ചെറിയ വീട്ടിൽ (ഒ), കാവിൽദേശം എന്നയാളുടെ മകൻ രമേഷ് ഷാർജയിൽ വച്ച് മരണമടഞ്ഞതിനെ തുടർന്ന് അരക്ഷിതാവസ്ഥയിലായ കുടുംബത്തിന് ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി പാപ്പമ്മ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ അനുകൂല നടപടി അടിയന്തിരമായി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുളള പ്രവാസികൾ</u>

4593 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യത്തിന്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

നോർക്ക മുഖേനയോ, അല്ലാതെയോ രജിസ്റ്റർ ചെയ്തിട്ടുളള കാസർകോട് ജില്ലക്കാരായ പ്രവാസികളുടെ കണക്ക് മുനിസിപ്പാലിറ്റി/ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**<u>നോർക്ക റൂട്ട്സ് - വിവിധ തസ്തികകളിൽ അനധികൃത നിയമനം</u>**

**4594 ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നോർക്ക റൂട്ട്സ് ഹെഡ് ഓഫീസിലെ വിവിധ തസ്തികകളിൽ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി രാജശേഖരന്റെ അനന്തിരവൻ വിപിൻ, വീക്ഷണം പത്രത്തിന്റെ തിരുവനന്തപുരം ബ്യൂറോ ചീഫിന്റെ ഭാര്യ സഫിയ, മുഖ്യമന്ത്രിയുടെ ഡ്രൈവർ ഗോപിയുടെ മകൾ സബിത, മുൻമന്ത്രി എം.എം. ഹസ്സന്റെ പേഴ്സണൽ അസിസ്റ്റന്റായിരുന്ന കബീർ എന്നിവരെ താൽകാലിക തസ്തികകളിൽ നിയമിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?